## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1473

11/08/2017 ൽ മറുപടിക്ക്

### തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ | മറുപടി<br>കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| എ) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ 2016,2017 ജൂൺ 30 വരെയും എത്രപേർ മരണപ്പെട്ടുവെന്നും, എത്രപേർക്ക് പരിക്കേറ്റുവെന്നും വെളിപ്പെടുത്തുമോ; | എ) 10 പേർ മരണപ്പെടുകയും 7201 പേർക്ക് പരിക്കേൾക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) തെരുവ് നായശല്യം തടയുന്നതിൽ പ്രാഥമിക ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായതിനാൽ കടിയേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരവും അവർ നൽകണമെന്ന് ചീഫ് സെക്രട്ടറി സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേൽക്കുകയും ചെയ്തവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) ഉണ്ട്. ജസ്റ്റീസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് എസ്.എൽ.പി 691/2009 കേസിൽ സുപ്രീംകോടതിയുടെ 03.03.2017 ലെ ഉത്തരവ് പ്രകാരം 19 പേർക്ക് ആകെ 33,37,743 രൂപാ നഷ്ടപരിഹാരം നൽകാൻ 11/05/2017 ലെ സ.ഉ.(ആർ.റ്റി) 1546/2017/ത.സ്വ.ഭ.വ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ 21/03/2017 ലെ സ.ഉ.(കൈ) നം. 84/17/റവ. പ്രകാരം, തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പന്മന മാവേലി ആയിഷ മൻസിലിൽ സജീവിന്റെ ഭാര്യയായ |

അമീനയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും 17/05/2017 ലെ സ.ഉ.(സാധാ)നം. 2294/2017/റവ. പ്രകാരം, തിരുവനന്തപുരം കാട്ടുപുറം ചരുവള വീട്ടിൽ കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് 1 ലക്ഷം രൂപയും 26/05/2017 ലെ സ.ഉ.(സാധ)നം. 168/2017/റവ. പ്രകാരം തിരുവനന്തപുരം കരുംകുളം പുല്ലുവിള പള്ളികെട്ടിയ പുരയിടത്തിൽ ജോസ് ക്ലീനിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഡി) | ഏറ്റവും കൂടുതൽ തുക നഷ്ടപരിഹാരം ആർക്കാണ് നൽകിയത്? | ഡി) മാള ഗ്രാമപഞ്ചായത്തിലെ ശ്രീ. പി.എസ്. ബിജു എന്ന അപേക്ഷകനാണ് ഏറ്റവും കൂടുതൽ തുക നഷ്ടപരിഹാരമായി നൽകാൻ ഉത്തരവു നൽകിയിട്ടുള്ളത്. എന്നാൽ ഈ തുക നൽകുന്നതിനുള്ള ബാധ്യതയിൽ നിന്നും ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ WP(C) 18013/2017 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിരിക്കുകയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

**Details of compensation given to the victims of stray dog menace-on the basis of the order of Hon: Supreme Court dated 03.03.2017 in SLP No. 691/2009**

| Sl. No. | Claim No. | Claimants | Amount of Compensation | Local body concerned | Date of payment |
|---|---|---|---|---|---|
| 1 | 50 | Achankunju Pappachan | 99000 | Punalur Municipality | 30/05/17 |
| 2 | 65 | Syamala Gopakumar | 60000 | Sooranadu North Grama Panchyat | 24/05/17 |
| 3 | 79 | D.Babu | 47500 | Chavara Grama Panchyat | 26/05/17 |
| 4 | 85 | Gopinathapillai | 37250 | Poothakkulam Grama Panchyat | 27/05/17 |
| 5 | 97 | Gouri Dinesh | 81500 | Kulakkada Grama Panchyat | 24/05/17 |
| 6 | 137 | Shemi | 760000 | Kollam Corporation | 05/06/17 |
| 7 | 99 | B.Rajeev | 31950 | Azhoor Grama Panchyat | 30/05/17 |
| 8 | 69 | Mayoori | 17250 | Azhoor Grama Panchyat | 30/05/17 |
| 9 | 57 | Samuel | 34000 | Kanjiramkulam Grama Panchyat | 19/05/17 |
| 10 | 67 | Abhijith | 55000 | Nagaroor Grama Panchyat | 25/05/17 |
| 11 | 68 | Shaiju.M | 87393 | Thiruvananthapuram Corporation | 31/05/17 |
| 12 | 63 | M.Veerakumar | 20250 | Thiruvananthapuram Corporation | 31/05/17 |
| 13 | 88 | S.Dileepkumar | 20500 | Thiruvananthapuram Corporation | 31/05/17 |
| 14 | 105 | Niranjan Samuel Bobban | 25750 | Thiruvananthapuram Corporation | 31/05/17 |
| 15 | 203 | Sumathi Amma | 15750 | Mudakkal Grama Panchayat | 22/05/17 |
| 16 | 111 | P.S.Biju | 1874500 | Mala Grama Panchayat | Filed WP(C)No.18013/ 2017[not paid] |
| 17 | 95 | Ananthakrishna | 9650 | Mulankunnathukavu Grama Panchayat | 20/05/17 |
| 18 | 121 | Asif.P | 17000 | Guruvayoor Municipality | 31/05/17 |
| 19 | 185 | T.P.Joseph | 43500 | Koratti Grama Panchayat | 24/05/17 |